പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 96

02.03.2020 ൽ

മറുപടി നൽകേണ്ടിയിരുന്നത്

## പോലീസ് നവീകരണത്തിനുള്ള തുക വകമാറ്റി വാങ്ങിയ വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പോലീസ് നവീകരണത്തിന്റെ ഭാഗമായി കേന്ദ്രം അനുവദിച്ച തുക ആഭ്യന്തര വകുപ്പിനു കീഴിൽ വകമാറ്റി ഉന്നത ഉദ്യോഗസ്ഥർക്കായി നാല്പത്തിയൊന്നു കാറുകൾ വാങ്ങിയെന്ന സി.ആന്റ് എ.ജി.യുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; | എ) 2013-14 മുതൽ 2018 വരെയുള്ള കാലയളവിലെ സി.ആന്റ് എ.ജി റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. |
| ബി) കേരളം അതിതീവ്രമായ പ്രളയക്കെടുതിയിൽ അകപ്പെട്ട 2018 സപ്തംബർ, 2019 ആഗസ്റ്റ് മാസങ്ങളിൽ 30 ലക്ഷത്തോളം രൂപ വില വരുന്ന രണ്ടു ജീപ്പ് കോമ്പസ് വാഹനങ്ങൾ (KL 01 CH 5999, KL 01 CL 9663) പോലീസ് വാങ്ങുകയുണ്ടായോ;<br><br>സി) എങ്കിൽ ഈ കാറുകൾ ആരൊക്കെയാണ് ഇതിനകം ഉപയോഗിച്ചത്; ഇങ്ങനെ ഫണ്ട് വകമാറ്റി വാങ്ങിയ മറ്റു കാറുകൾ ഇപ്പോൾ ആരൊക്കെയാണ് ഉപയോഗിക്കുന്നത്; ഓരോന്നിന്റെയും വാങ്ങിയ വില എത്രയെന്ന് വ്യക്തമാക്കാമോ? | ബി) യും സി) യും 2018 സെപ്റ്റംബർ മാസത്തിൽ 20,58,900/- രൂപ ചെലവഴിച്ച് KL 01 CH 5995 എന്ന ജീപ്പ് കോമ്പസ് വാഹനവും, 2019 ഓഗസ്റ്റ് മാസത്തിൽ 19,53,000/-രൂപ ചെലവഴിച്ച് KL 01 CL 9663 എന്ന ജീപ്പ് കോമ്പസ് വാഹനവുമാണ് വാങ്ങിയത്. സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണിയുടെ സാഹചര്യം കണക്കിലെടുത്ത് വാങ്ങിയ ഈ വാഹനങ്ങൾ സംസ്ഥാന പോലീസ് മേധാവിക്കും റിവ്യൂ കമ്മിറ്റി ചെയർമാനായ സംസ്ഥാന ചീഫ് സെക്രട്ടറിക്കും താത്ക്കാലികമായി അനുവദിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ